# LITTLE VOICE


## DIGITAL MAGAZINE -2020

MAVOOR GOVT. HIGHER SECONDARY SCHOOL

## അമ്മുവിന്റെ പൂന്തോട്ടം


പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരമ്മയും മകളും താമസിച്ചിരുന്നു.അമ്മു എന്നായിരുന്നു ആ കുട്ടിയുടെ പേര്. അവളുടെ അച്ഛൻ നേരത്തെ മരിച്ചുപോയിരുന്നു. അതുകൊണ്ട് വളരെ കഷ്ടപ്പെട്ടാണ് അമ്മ അവളെ വളർത്തിയിരുന്നത്.അമ്മുവിന് പൂക്കൾ വളരെയധികം ഇഷ്ടമായിരുന്നു.അവളുടെ അമ്മ അവൾക്കുവേണ്ടി മനോഹരമായ ഒരു പൂന്തോട്ടം ഒരുക്കിയിട്ടുണ്ടായിരുന്നു . അവൾ പൂന്തോട്ടത്തിൽ കളിച്ചും പൂക്കളെ സ്നേഹിച്ചും വളർന്നു.അങ്ങനെ ദിവസങ്ങൾ കടന്നുപോയപ്പോൾ അമ്മുവിന്റെ പൂന്തോട്ടത്തിലെ പൂക്കളെല്ലാം വിരിഞ്ഞു. അതിൽ മനോഹരമായ ഒരു കൊച്ചു പനിനീർപ്പൂവും ഉണ്ടായിരുന്നു.ഒരു ദിവസം കുറേ കുട്ടികൾ കളിക്കതാനെത്തി. ആ വികൃതികുട്ടികൾ പൂന്തോട്ടത്തിൽ കയറി പൂന്തോട്ടത്തിലെ പൂക്കളെല്ലാം നശിപ്പിച്ചു. വൈകുന്നരം തിരിച്ചെത്തിയ അമ്മു അതുകണ്ട് ഉറക്കെ നിലവിളിച്ചു. അമ്മ അവളെ സമാധാനിപ്പിച്ചു.പിറ്റേന്ന് അമ്മയും അവളും ചേർന്ന് പുതിയ ഒരു പൂന്തോട്ടം ഉണ്ടാക്കി. അമമുവിന് സന്തോഷമായി.

മുസ്‌ലിഹ.എം




# ബിരിയാണി

ആധുനിക കഥാകൃത്തും തന്റേതായ ആശയം കൊണ്ട് വ്യത്യസ്തനായ രചയിതാവും കൂടിയായ സന്തോഷ് എച്ചിക്കാനമാണ് ബിരിയാണി എന്ന ഈ ചെറുകഥ രചിച്ചരിക്കുന്നത്. മനുഷ്യണ ദാരിദ്ര്യാ ത്തെ കുറിച്ചോർമ്മപ്പെടുത്തുന്ന വല്ലിയൊരാശയം ഇതിൽ ഉൾപ്പെട്ടിരിക്കുന്ന.നാഗരികതയുടെ പിന്നിൽ ഒരു നേരത്തെ ആഹാരക്ക പോലും കിട്ടാനില്ലാത്ത ഒരു സമൂഹത്തെ നാം ഇതിലൂടെ കാണുന്നു. ഗോപാൽ യാദവ് എന്ന് ബീഹാറിയുടെ അനുഭവിക്കേണ്ടി വന്ന പല ദുരിതാനുഭവങ്ങളുടേയും ഒരു ചിത്രീകരണമാണ് ഇതിൽ പ്രതിപാദിക്കുന്നത്. തന്റെയും ഉള്ളിലുക്കുള്ള മോഹങ്ങൾ എന്നെങ്കിലുമൊന്ന് യാഥാർത്ഥy മാകണം എന്ന ചിന്തയിൽ അവൻ കലന്തൻ ഹാജിയെന്ന വണക്കാരന്റെ വീട്ടിൽ എത്തുന്നു. കലന്തൻ ഹാജിയുടെ വീട്ടിൽ അന്ന് വിരാന്നായിരുന്നു.അങ്ങനെ അവൻ ആ കൊട്ടാരത്തിലെത്തുമ്പോൾ ബസുമതിയുടെ ഗന്ധം ആ പ്രദേശമാകെ നിറഞ്ഞിരുന്നു.അങ്ങനെ വന്നിക്കായ് അവനെ വീടിന്റെ പിന്നിലുള്ള മൈതാനതേക്ക് സിന്നാൽ എന്ന ഹാജിയുടെ കൊച്ചുമകൻ കൊണ്ടുപോവുകയും അവനോട് തന്റെ തീളമുള്ള കുഴി കുഴിക്കാൻ പറയുകയും ചെയ്യുന്നു. രാത്രി വരെ കുഴിക്കുത്തിയ ശേഷം കുഴിയിൽ നിറക്കാൻ വിരുന്നിനു ബാക്കിയായ ബസുമതിയുടെ ബിരിയാണി കൊണ്ടു തള്ളുന്നു.രാവിലെ പച്ചക്കറിവേപ്പിച്ച എന്തോരു വെള്ളമല്ലാതെ അവൻ ഒന്നും



കഴിച്ചിട്ടുണ്ടായിരുന്നില്ല. അവനോട് ആ ബിരിയാണിയുടെ കുമ്പാരം ചവിട്ടിതാത്താൻ പറയുമ്പോൾ അവൻ ഒന്നു പകച്ചു നിൽക്കുന്നു. സിനാൻ വീണ്ടും ചവിട്ടാൻ പറഞ്ഞ പോൾ വിടറിയ ഹൃദയത്തോട അവൻ ബിരിയാണിയേ മണ്ണിലേക്ക് താഴ്ത്തുന്നു. ഗോപാലിനു ഒരു മകളുണ്ടായിരുന്നെന്നും മകളുടെ പേര് ബസുമതി ആണെന്നും അവൾ വിശന്ന് മരിച്ചതാണെന്നും ഗോപാൽ പിന്നീട് കഥയിലൂടെ പറയുബൊൾ വായനക്കാരും ഒന്ന് പതറി പൊകുന്നു. വിശന്നു മരിച്ച തന്റെ മകൾ ബസുമതി അലിഞ്ഞ മണ്ണിലേക്ക് ആ ബസുമതി ബിരിയാണി ചവിട്ടുന്നത് വായനക്കാരുടെ മനസ്സിൽ ഒരു വലിയ ചിന്താവിഷയമാകുന്നു. നമ്മൾ ഭക്ഷണം പാഴാക്കു ബോൾ എത്രയോ പേർ വിശന്നു മരിക്കുന്നു എന്നോർക്കുക . ഇന്നത്തെ ഈ സമൂഹത്തിൽ നിറഞ്ഞു നിൽക്കുന്ന ഈ വിഷയത്തെ കഥാകൃത്ത് ചൂണ്ടിക്കാട്ടുബോൾ മനുഷ്യമനസ്സിനെ ആകെ ഉലാച്ചു മറിക്കുന്നു.

**Medin Jyothish**


**10 F**

# A FRIEND

Friend are flowers that never fade. In every one's life there are people who, mean a little more. A friend is some one who is a feeling that lives forever in the heart, it is one of the nicest things you can have, and one of the best things you can have, and one of the best things you can be. It is a living treasure and if you have on, you have one of the most valuable gifts in life.

A hand that is always holding you no matter where you are. A friend is like maths in which joys are multiplied and sorrows are divided.

Najla
9.G




## BEAUTY IS A JOY FOREVER

Beauty is a very vague thing. It is often said that beauty lies in the eyes of the beholders The same thing may appear pleasing to one and repulsive to another Beauty is there in all the objects of nature even in grassy field and flowing water The eyes see it the ears hear it and the heart feels it The beauty of the human face and body is short lived even the melody of a singer may get lost But the beauty of good deeds and noble thoughts is a source of internal job.

There are numbers of saying about beauty. But none of the quotations ever seem to be appropriate.

Famous poet john keats said that - "A thing of beauty is a joy forever; is't loveliness increases, it will never pass into nothingness ''.

Beauty is not just the physical or outer appearance but also about inner beauty.


Beauty is a characteristic of a person, animal, place, object or idea that provides a perpetual experience of pleasure or



satisfaction.

We can say it is the cumulative of inner strength and physical appearance. it’s an experience. It is not a fixed pattern or an arrangement of features. it’s something to be feet. Whenever the feelings touch anybody – the word “beauty” uttered automatically or spontaneously ...

VIJAY KRISHNA
9G





# അപ്പുവിന്റെ അവധിക്കാലം

നേരം പുലർന്നു.കിളികളുടെ ശബ്ദത്തിൽ അപ്പു പെട്ടെന്ന് ഉണർന്നു. അവൻ വേഗം ഉണർന്ന് പല്ലുതേക്കാൻ പോയി,ധൃതിയിൽ കുളിക്കുന്നുമുണ്ട് എന്താണെന്നല്ലേ സ്കൂൾ പൂട്ടി അവധിക്കാലം ആഘോഷിക്കാൻ മാമന്റെ വീട്ടിൽ പോവുകയാണ്.അമ്മേ എന്റെ ഷർട്ട് എവിടെ അപ്പു ചോദിച്ചു. അമ്മ:അതാ മോനേ അവിടെയുണ്ട്.അമ്മ പറഞ്ഞു.അവർ രണ്ടുപേരും ഒരുങ്ങി മാമന്റെ വീട്ടിലേക്ക് യാത്രയായി.മാമന്റെ വീട്ടിലേക്ക് പോകാൻ രണ്ടു ബസ് കയറണം.അങ്ങനെ അവനും അമ്മയും ആദ്യത്തെ  ബസിൽ കയറി.അപ്പു അരികിലാണ് ഇരുന്നത്.അവൻ പുറത്തേക്ക് നോക്കി. കുറച്ച് കഴിഞ്ഞപ്പോൾ അവർ രണ്ടാമത്തെ ബസ്സും കയറി.അതിലും അപ്പു ജനലിന്റെ അരികിലാണ്  ഇരുന്നത്.കുറച്ചു കഴിഞ്ഞപ്പോൾ അമ്മ അറിയാതെ അവനൊന്നു കണ്ണടച്ചു .പിന്നെ കണ്ണു തുറന്നപ്പോൾ അവൻ മാമന്റെ വീട്ടിലെത്തിയിരുന്നു

പെട്ടെന്ന് അവൻ കിടക്കയിൽ നിന്ന് എണീറ്റ് ചുറ്റും നോക്കി.അയ്യോ ഇത് സ്വപ്നമായിരുന്നു.എന്നു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അവനെ പിറകിൽ നിന്ന് ആരോ കണ്ണ് പൊത്തി.അവൻ പേടിച്ചുപോയ്.പിന്നെ അവന്റെ കണ്ണ് തുറന്നു.അവന്റെ മുന്നിൽ ഒരു കൃഷ്ണവിഗ്രഹവും അതിന്റെ ചുറ്റും പഴങ്ങളും കണിക്കൊന്നയും ഒരു മുണ്ടും ഉണ്ടായുരുന്നു.അപ്പോഴാണ് അവന് ഓർമ്മ വന്നത് ഇന്ന് വിഷുവാണെന്ന്. സ്വപ്നത്തിൽ കണ്ടപോലെ അവൻ ധൃതിയിൽ പ്രഭാതകൃത്യങ്ങൾ ചെയ്ത് വേഗം കടയിൽ പോയി പൂത്തിരിയും പടക്കവും വാങ്ങിക്കൊണ്ട് വന്ന് സദ്യയും കഴിച്ച് വിഷു ഭംഗിയായി ആഘോഷിച്ചു.പിന്നെ അപ്പു അടുത്ത വിഷുവിനായി കാത്തിരുന്നു.

ഗീതിക.പി
9.G





# സ്ഥലകാലങ്ങളുടെ_മഹാമാന്ത്രികൻ

-ഡോ.ശശികുമാർ

മലയാളത്തിലെ ആധുനിക എഴുത്തുകാരിൽ ഒരാളായ ഡോ.ശശികുമാർ പുറമേരിയുടെ പ്രശസ്തമായ കൃതിയാണ് സ്റ്റീഫൻ ഹോക്കിങ്-സ്ഥലകാലങ്ങളുടെ മഹാമാന്ത്രികൻ. ലോകത്തെ ഞെട്ടിച്ച പ്രപഞ്ചരഹസ്യങ്ങൾ ലോകത്തോട് വിളിച്ചു പറഞ്ഞ ശാസ്ത്രജ്ഞനാണ് സ്റ്റീഫൻ ഹോക്കിങ്. അപൂർവ്വ രോഗം പൂർണ്ണമായും തളർത്തിയ ശരീരവുമായി തന്റെ ഇച്ഛാശക്തികൊണ്ടുമാത്രം ശാസ്ത്രലോകത്തിൽ അദ്ഭുതങ്ങൾ സൃഷ്ടിച്ച ഒരു മഹാപ്രതിഭയാണ് അദ്ദേഹ ം.തന്റെ അസാമാന്യ ബുദ്ധിശക്തിയിലൂടെ പ്രാപഞ്ചികശാസ്ത്രത്തിലെ അവിശ്വസിനീയമായ അറിവുകളെ സാധാരണക്കാർക്കുമുന്നിൽ ഇട്ടുകൊടുത്ത ഒരു മനുഷ്യൻ ജീവിച്ചിരുന്നു എന്ന് പുതുതലമുറയ്ക്ക് വിശ്വസിക്കാനാവില്ല. ലോകത്തെ തന്നെ ഞെട്ടിച്ച ആ മഹാപ്രതിഭ മോട്ടോർ ന്യൂറോൺ എന്ന ഗുരുതര രോഗം ബാധിച്ച് ശരീരം തളർന്ന് ജീവിതം പൂർണ്ണമായും വീൽചെയറുലേക്ക് ഒതുക്കപ്പെട്ട പ്രതിഭയാണ്.എന്നാൽ വിധിയ്ക്ക് മുമ്പിൽ തളരാതെ തന്റെ അസാമാന്യ കഴിവുകൾ പുറത്തെടുത്ത് ശാസ്ത്രലോകത്തെ ഞെട്ടിച്ച ഒരാളാണ് സ്റ്റീഫൻ.തന്റെ ജീവിതത്തിലെ എല്ലാ അവയവങ്ങളും ജീവച്ഛവമായപ്പോൾ ആകെ പ്രവർത്തനക്ഷമമായത് ഇടതുകൈയ്യിലെ ചൂണ്ടുവിരൽ മാത്രമാണ്. ആ ഒരൊറ്റ

വിരൽകൊണ്ട് ശാസ്ത്രലോകത്തിന് പ്രപഞ്ചരഹസ്യങ്ങളെകുറിച്ചും തമോഗർത്തങ്ങളെകുറിച്ചുമുള്ള സിദ്ധാന്തങ്ങൾ അദ്ദേഹം സമർപ്പിച്ചു.തമോദ്വാരപഠനത്തിന്റെ പ്രാധാന്യം ഉയർത്തിപിടിച്ചുകൊണ്ടുള്ള സ്റ്റീഫൻ ഹോക്കിങിന്റെ പ്രശസ്തമായ പ്രബന്ധമാണ് "Black Hole Explosion".മഹാരോഗം പൂർണ്ണമായും തളർത്തിയ മുപ്പത് കിലോഗ്രാം മാത്രം ഭാരം വരുന്ന ശരീരവുമായി ഒരിക്കലും തളരാതെ തന്റെ ഇച്ഛാശക്തികൊണ്ട് മാത്രം ആത്മവിശ്വാസത്തോടെ മുന്നോട്ടുപോയ സ്റ്റീഫൻ ഹോക്കിങിന്റെ ജീവിതം നമുക്കൊരു പ്രചോദനമാണ ്.സ്റ്റീഫൻ ഹോക്കിങിനെപോലും വിൽമ റുഡോൾഫ ്,വൈക്കം വിജയലക്ഷ്മി എന്നിവരെല്ലാം പ്രതികൂല പരിതസ്ഥിതിയോട് മല്ലിട്ട് ജീവിതത്തെ മാറ്റിമറിച്ചവരാണ്.ഇവരെല്ലാം നമുക്കൊരു പോരചോദനമാണ്.എല്ലാവരും വായിച്ചിരുക്കേണ്ട് ഒരു അതുല്യമായ കൃതിയാണ് സ്റ്റീഫൻ ഹോക്കിങ്-സ്ഥലകാലങ്ങളുടെ മഹാമാന്ത്രികൻ.


അച്ചുകൃഷ്ണാ ഡി.പി




# CLEAN INDIA MISSION

*"SWACH BHARAT ABHIYAN" which means "Clean India Mission" has been launched by our present prime minister Narendera Modi on 2nd Oct. 2014 the birth anniversary of Mahatma Gandhi to whom cleanliness was very dear. Gandhi has a dream of clean Indian which is as Modi's aim. Thus he launched this mission. This programme is not just about constructing toilets but cleaning India as a whole . Everyone knows that cleanliness is very important but we people clear only our homes. No individual bothers about society, town and country. as a result our country will become clean a healthy and disease free. Now the time has come to devote ourselves to the cleanliness of our motherland*

ARUN JOSHI PS
9G




## അർദ്ധനാരീശ്വരൻ

ഞാൻ ഈ പ്രാവശ്യം വായിച്ച പുസ്തകത്തിന്റെ പേരാണ് അർദ്ധനാരീശ്വരൻ പ്രസിദ്ധ കവിയും എഴുത്തു കാരനുമായ പെരുമാൾ മുരുകനാണിതിന്റെ രചയിതാവ്.ഡോ.അപ്പു ജേക്കബ് ജോണാണ് ഇത് മലയാളത്തിലേക്ക്

പരിഭാഷപ്പെടുത്തിയത്.കാളിയും പൊന്നയുമാണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ. ഇതിമൂപ്പത്തിമൂന്ന് ഭാഗങ്ങളായാണ് രചിച്ചിരിക്കുന്നത്. കാളിയും ഭാര്യയും കല്യാണം കഴിഞ്ഞ് 5 വർഷം കഴിഞ്ഞിട്ടും ഒരു കുഞ്ഞുണ്ടായില്ല. അന്ന് മറ്റുള്ളവരുടെ പരിഹാസം അവരെ കാർന്നു കൊണ്ടിരുന്നു.മറ്റുള്ളവരുടെ വാക്കുകളിൽ തകർന്നടിയാതെ അവർ ഒന്നിച്ച് മുന്നോട്ട് ചുവടു വയ്ക്കുന്നതാണ് പ്രധാന സന്ദർഭം ആണും പെണ്ണും ചേർന്നതാണ് ദൈവമെന്ന സങ്കൽപ്പവും കുട്ടിയില്ലാത്ത സ്ത്രീകൾ തിരുച്ചെങ്കോട് ഉത്സവത്തിന് പതിനാലാം നാൾ ദൈവം തീരുമാനിച്ച മലകയറുന്ന ദിവസം രാത്രി ഉത്സവങ്ങളിൽ പങ്കെടുത്താൽ സന്താന സൗഭാഗ്യം ലഭിക്കുമെന്ന വിശ്വാസവും, കുഞ്ഞിൻറെ വേർപാട് മൂലം വേദനയനുഭവിക്കുന്ന മാതൃഹൃദയം ഇതിൽ വളരെയധികം പ്രാധാന്യം ആർഹിക്കുന്നു. തന്റെ പൂർവ്വികർ പണ്ടു ചെയ്ത ഏതോ ഒരു കുറ്റത്തിന് അവരുടെ കുടുംബം ഇപ്പോഴും പ്രായശ്ചിത്തം അനുഭവിക്കുന്നു. ഒടുവിൽ അവർ പരിഹാരം ചെയ്യുനായ് കാട്ടിലേക്ക് പോവുകയും അവിടെ അവർക്ക് ഒരു വലിയ പരീക്ഷണം നേരിടേണ്ടിവരികയും

ചെയ്യുന്ന ആ പരീക്ഷണം എന്താണെന്ന് അറിഞ്ഞപ്പോൾ തന്നെ അവർ അതിൽ നിന്ന് പിൻമാറാൻ ശ്രമിച്ചെങ്കിലും ആ മാതൃഹൃദയത്തിന്റെആതി കാരണം അവർ ആ പരീക്ഷണം ചെയ്യാൻ നിർബന്ധിരാവുകയും ചെയ്യുന്നു. തൻറെ മക്കളെ ജീവിതത്തിൽ ഒരു ഭാരമായി കരുതുന്നവരുള്ള ഈ സമൂഹത്തിൽ ഈ നോവൽ വളരെ പ്രാധാന്യ മർഹിക്കുന്നു . എനിക്ക് ഈ പുസ്തകം വളരെയധികം ഇഷ്ടപ്പെട്ടു .

പവിത്ര.ആർ

## STELLARIUM

Stellarium is simulation software providing simulate different sighs of the sky. We can see the sky as any time in your computer with help of this software. This is a very useful software for sky watchers. We can find out the constellations, shapes, their names and the distance between them. There are details of more than 6,00,000 stars in the sky.

Sayanth.
9.H


ART

## I DON'T BELIEVE IT

The sun's gravity pulls gas inwards, but the pressure of the gas at the other pushes outwards. The two forces balance to give the sun its ball shape.

The Moon reflects light like a very dirty mirror. Although the full Moon looks bright, it is 400,000 times slimmer than the Sunday

Venus is named after the Roman goddess of love and Beauty.

Jupiter is shrinking. When it was young it was five times its present size. It is cooling and getting smaller by about 12 cm 0.8 inch a year.

Saturn is the least dense of all the planets-if you could put in a bath of water ,it would float.

The population of China is 4 times bigger than the USA.

The World's tallest flower is the titan arum which rises to 3m(10 ft) smelling of rotting meat to attract tiny bees that pollinate it, it is short lived and rarely seen.


The heaviest cultivated fruit is the pumpkin.

Spider's silk is five times stronger than a still strand of the same width.

An Ostrich's eyeball is bigger than it's brain, and as wide as bee Hummingbird.

Ansha Febin
9F








# *LIFE*


life has no definition
it needs a lot of attention
it is full of tension.
Every movement is an
examination
Death is final destination.
But before that there are many
stations.
sometimes education sometime
dedication.
life may be long,
or it may be short.
But should be worth.
not only by needs
But also by good deeds.
Enjoy your life with a big smile,
one day you will lead the world
with your style.

**Sneha. K**
**9.G**



nihal 9 f



# പ്രളയക്കെടുതി

നേരം പുലരുമ്പോൾ ഭൂമിയും പുഴയായി
നിരനിര ഒഴുകുന്ന മലിനമായി.
വസ്ത്രവും പുസ്തകവും ഭക്ഷണവുമെല്ലാം
കണ്ണീരാറ്റിൽ ഒലിച്ചുപോയി.
രക്ഷാപ്രവർത്തകർ തൻ ജീവൻ നോക്കാതെ
രാവും പകലും പണിയെടുത്തു
ഭൂമിയെ നോവിച്ച കെട്ടിയുണ്ടാക്കിയ
വീടെല്ലാം പ്രളയം പിഴിതെറിഞ്ഞു.
പ്രളയസമയത്ത് ഭക്ഷണപൊതുയുമായി
രക്ഷാപ്രവർത്തകർ
വരുന്നതും കാത്ത് ഒത്തിരി പ്രാണനുകൾ
കാത്തിരുന്നു.
ഭൂമിതൻ കലുതീരാത്ത പെയ്ത്തിമഴക്കി
ഭൂമിതൻ അടിയുലായി പ്രാണനുകൾ
പ്രളയസമയത്ത് മനുഷ്യാന്മാർ തമ്മിൽ
സൗഹൃദവും സ്നേഹവും പണിതെടുത്തു.
മതവും ജാതിയും നോക്കാതെ മനുഷ്യർ
പ്രളയക്കെടുതിയെ എതിർത്തുനിന്നു.

അമൃത.പി.കെ




# Planet fact you must know

<u>Mercury</u>

Mercury takes 59 days to make rotation but only 88 days to circle
The sun. This mean that there are fewer than 2 days in a year

<u>Venus</u>

Venus is the bright planet in our sky can sometime be seen with
The naked eyes if you know where to look. It is the solar system
brightest planet- yellow clouds of sulphuric acid reflect the sun's light
brightly.

<u>Mars</u>

Mars is the home of 'Olympus moons The largest volcano found
in the solar system started about 27 KM High with a crater
81 km wide

<u>Jupiter</u>

Jupiter is the largest planet in the solar system. But it spins very quickly
axis. a day on Jupiter Lasts only 9 hours 55 minutes

Saturn

Saturn  is the second biggest planet, but it's also the latest planet
if there was a bath tub big enough to hold Saturn it wound float in the water.

Alakananda
9.F




# വാഴക്കുല

**ചങ്ങമ്പുഴ**

പ്രശസ്തകവി ചങ്ങമ്പുഴയുടെ ഹൃദയസ്പർശിയായ ഒരു കൃതിയാണ് വാഴക്കുല. കൃതികളിലൂടെ എന്നും മനുഷ്യമനസ്സിന്റെ ആഴങ്ങൾ തൊട്ടറിയാൻ ശ്രമിച്ചിട്ടുള്ള കവിയാണ് ചങ്ങമ്പുഴ. അടിച്ചമർത്തപ്പെടുന്നവന്റെയും ഒറ്റപ്പെടുന്നവന്റേയും മനസ്സിന്റെ വിങ്ങലുകൾ എന്നും ആ കൃതികളിൽ പ്രതിധ്വനിച്ചിരുന്നു. ആ പ്രത്യേകത ഈ കൃതിയിലും ഒട്ടും മങ്ങാതെ കാണാൻ സാധിക്കും. ജാതിവിവേചനത്തിന്റെ വേരിൽ അടിയാളരെന്ന് മുദ്രകുത്തി അവരെ കഷ്ടപ്പെടുത്തി അവർക്കുള്ളതായി പാടിച്ചു വാങ്ങി ജീവിച്ച മേൽജാതി എന്ന് സ്വയം പ്രഖ്യാപിച്ചതോടെ ക്രൂരമായ മുഖമാണ് നാം ഇവിടെ കാണുന്നത്.

അധ്വാനത്തിനൊടുവിലും എന്നും പട്ടിണി മാത്രം ബാക്കിയായിരുന്ന ഒരു പുലയകുടുംബം ഒരു വാഴ വെക്കുന്നു. അതിൽ ഓരോ ഇലവരുന്നതും അതിന്റെ ഓരോ വളർച്ചയും ആ കുടുംബത്തിന്റെ മൊത്തം സന്തോഷത്തിന് കാരണമാകുന്നു .എല്ലാ തിരക്കിനിടയിലും അവർ വാഴ ചുവട്ടിൽ വെള്ളമൊഴിക്കുന്നു. അതിന്റെ വളർച്ചയ്ക്കായ് കാത്തിരിക്കുന്നു. കേളനും നീലിയും കുട്ടികാരും വാഴപ്പഴത്തിനായി കൊതി പറയുന്നു. വിശപ്പിന്റെ രുചി മാത്രമറിഞ്ഞവൻ ആ പഴം കഴിച്ച് വിശപ്പടക്കത്തമെന്നാഗ്രഹിക്കുന്നു. എത്രമാത്രം സ്വപ്നങ്ങളാൽ ആ വാഴയുടെ വേരിൽ നെയ്ത് കൂട്ടിയതെന്ന് ഈറ്റ കവിതയിലെ ഓരോ വരിയും വിളിച്ചോതുന്നു.എന്നാൽ തമ്പുരാന്റെ കനപ്പനയിൽ മലയന് ആ കുല നഷ്ടമാവുന്നു. കുട്ടികളുടെ നിലവിളക്ക് നടുവിലൂടെ മലയന്

ആ കുലയെടുത്ത് നടന്ന കലേണ്ടി വന്നു.

ജനിച്ചു വീണ ജാതി താഴ്ന്നതായി പോയതിൽ നിനം ഇരുണ്ടു പോയതിനാൽ നിസ്സഹായനായി നിൽക്കേണ്ടി വരുന്ന അവസ്ഥ ഒരു വാട് നാളത്തെ ആഗ്രഹങ്ങളും സന്തോഷങ്ങളും ജല്ലാതായി പോകുന്ന അസ്ഥ അത് വളരെ ഹൃദയസ്പർശിയായി തന്നെ അവതരിപ്പിക്കുന്നതിൽ കവി നൂറു ശതമാനവും വിജയിച്ചിരിക്കുന്നു. കൃതിയുടെ അവസാന ഭാഗത്തെത്തുമ്പോഴേക്കും കണ്ണ് നനയാത്തവരായി ആരും തന്നെ ഉണ്ടാവില്ല

ആരതി .ഡി.
10 സി

## The Fox and the Mask

Once a fox came to a village. He happened to enter into a drama theatre. He got into the store room. Suddenly he observed a face hanging down there. He became afraid. At first he thought that it was a human being. Then he understood that is only a mask. He laughed and said: Oh it is so pity. You look good. But you have no got brain.

-Arsha.P

# Save time...

Time; Time save time
Time time precious time
wasting time is such a
crime
Time time save time
Take a resolution to find
a solution
To save time
Time time save time

Affefa jabin
9 f

# അമ്മ

അമ്മതൻ വാത്സല്യമത്രയും മാധുര്യം
ഓമനിക്കും മനസ്സോർക്കുക നീ.
നിന്റെ അമ്മയെന്നാകിലും ദൈവമെന്നാകിലും
സമാന്തരമാണെന്നുമോർക്കുക നീ.
അമ്മയെന്ന രണ്ടക്ഷരം സ്നേഹത്തിൻ പര്യായമാണെന്ന്
നീ പഠിച്ചോ?
അമൃതവും തോറ്റുപോം ആ സ്നേഹമത്രയും
മധുരമാണെന്ന് നാ ഓർത്തുവോ?
ഉണ്ണിയെ കണ്ട ആ മാത്ര മുതൽ ആ മനസ്സിന്
ആഹ്ലാദം വേറെയില്ല.
അമ്മയോ ദൈവമോ ആദ്യം വരുകെന്ന ചോദ്യത്തിനുത്തരം
അമ്മമാത്രം.
അമ്മയെ വേണ്ടാത്ത മനുഷ്യാ ഇന്ന് നീ
എണ്ണുക അമ്മതൻ വേദനകളെ.

പവിത്ര.ആർ
8.H

# ചെറുകഥാ സാഹിത്യം

എനിക്ക് ഈ പ്രാവശ്യം വായിക്കാൻ ലഭിച്ച പുസ്തകത്തിന്റെ പേരാണ് ചെറുകഥ സാഹിത്യം. ഇതെഴുതിയത് ഡോ. കെ വി തോമസാണ് . ഇതിൽ അദ്ദേഹം നിരവധി ചെറുകഥകൾ എഴുതിയിട്ടുണ്ട്.അതിൽ എനിക്കിഷ്ടമായത് തകഴിയുടെ വെള്ളപൊക്കത്തിൽ എന്ന ചെറുകഥയാണ്. ഇതിൽ നാം വീട്ടിൽ വളർത്തുന്ന ഒരു നായയെ പറ്റിയാണ് പറയുന്നത് . പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരുടെ കഥ മുഖ്യപ്രമേയമാക്കിയ എ യുത്തുകാരനാണ് തകഴി. മലയാളത്തിലെ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ പതാക വാഹകന്മാരിലൊരാളായിരുന്ന അദേഹം. കേസരി ബാലകൃഷ്ണപ്പിള്ളയുടെ കളരിയിൽ നിന്നഭ്യസിച്ച ലോക ബോധവും കുട്ടനാടൻ ജീവിതാവസ്ഥകൾ സമ്മാനിക്കുന്ന തിരിച്ചറിവുകളും പ്രതീകാത്മകമായി സമ്മേളിക്കുന്ന ഒരു കഥയാണ് ' വെള്ളപ്പൊക്കത്തിൽ '. കുട്ടനാട്ടിലെ ഒരു വെള്ളപ്പൊക്കത്തിൽ നിന്നും രക്ഷപ്പെടാനാവാതെ പോയ ഒരു നായയെ മുഖ്യ കഥാപാത്രമാക്കി, മനുഷ്യനെ പിന്നണിയിൽ നിർത്തി അസാമാന്യമായ ധ്വനന ദീപ്തയോടെ രചിക്കപ്പെട്ടതാണീ കഥ. എക്കാലത്തും ചൂഷണത്തിനെയും തിരസ്കാരത്തിന്റെയും ഇരകളാവാർ വിധിക്കപ്പെട്ട ലോകമെമ്പാടുമുള്ള പതിത ജനതയുടെ മുഴുവൻ പ്രതീകമാണ് ഈ കഥയിലെ നായ. വെള്ളപൊക്കത്തിൽ ഒറ്റപ്പെട്ടു പോയ നായയുടെ കഥയാണിത്.ഇക്കഥയിൽ അവസാനം

വെള്ളമിറക്കമായപ്പോൾ അന്വേഷിച്ച് വന്ന ആളുകൾ കണ്ടത് അഴുകിയ നായയുടെ ശവശരീരമായിരുന്നു. ലോകമെമ്പാടുമുള്ള ജനതക്ക് മുഴുവൻ വായിച്ച് മനസ്സിലാക്കാവുന്ന രീതിയിലാണ് ഈ പുസ്തകം രചിച്ചിരിക്കുന്നത്.ഇതിൽ അനേകം ചെറുകഥകളുണ്ട്. ഈ കഥ എല്ലാവർക്കും ഒരു നല്ല പ്രമേയമായ് നിലനിൽക്കുമെന്ന് വിശ്വസിക്കുന്നു.ഇത് എല്ലാവരും വായിച്ച് മനസ്സിലാക്കണമെന്ന് ഞാൻ വിനീതമായ് അഭ്യർത്ഥിക്കുന്നു.

മാളവിക

8H





## The Jungle book

The jungle book written By Rudyard Kipling in the 1994. overall it is a story of Wolves and a human named Mowgli who saved by a back of Wolves lived with them for a long period about 10 year. Mowgli learns the law of the jungle from Baloo the bear and Bagheera the partner his protector. There was a tiger know as Shere Khan who really dislike the Mowgli. Since he was a baby and Shere khan was tired to kills Mowgli really Shere khan hunts outside of his territory Mowgli grow up with the animal. For years Shere Khan did many things to convince the wolves that they should kill him and make him ignored what Shere khan was trying to tell him the ending

of the story stands a part Mowgli must defeat Shere khan Mr. Kipling shows you a world with different rules. It is a storey of right and wrong and good and evil a story of growing up and the responsibilities and different kinds of wisdom.

Atheena. A
9.G


Ahnaf




## അയിത്തത്തിനെതിരെ കിണറുകൾ

സസ്യങ്ങൾ ഒരു തുള്ളി ജലം ലഭിക്കാതെ, ഇലയില്ലാ ശിഖരങ്ങളോടെ വിഷാദരായി നിൽക്കുന്നു. മനുഷ്യർ കുടിവെള്ളത്തിനായി നെട്ടോട്ടമോടുന്നു. തടാകങ്ങളിലേയും കുളങ്ങളിലേയും മത്സ്യങ്ങൾ ചത്തുപൊങ്ങുന്നു. എങ്കിലും സൂര്യദേവൻ ഒരു കാരുണ്യവുമില്ലാതെ ജ്വലിച്ചുകൊണ്ടേയിരിക്കുന്നു. ആകെ ജലമുള്ളത് ആ ബ്രാഹ്മണപൊതുകിണറിൽ മാത്രം. പക്ഷേ,അയിത്തത്തിന്റെ പേരിൽ ആരും ആ കിണറ്റിൽ നിന്ന് ജലമെടുക്കാൻ പാടില്ല.

ഒരു ദിവസം താഴ്ന്ന വിഭാഗത്തിൽപ്പെട്ട ഒരു കുട്ടിയ്ക്ക് സ്കൂളിലേക്ക് പോവുന്ന വഴിയ്ക്ക് അതി കഠിനമായ ദാഹം അനുഭവപ്പെട്ടു.ദാഹം സഹിക്കാനാവതെ അവൻ ബ്രാഹ്മണരുടെ പൊതു കിണറിൽ നിന്ന് ജലം എടുക്കാൻ തീരുമാനിച്ചു.ഇത് കണ്ട ഒരു ബ്രാഹ്മണൻ കുട്ടിയെ പൊതിരെ തല്ലി.അവന്റെ മാതാപിതാക്കളെ ജനക്കൂട്ടത്തിൽവച്ച് അപമാനിച്ചു.അപമാനം സഹിക്കാനാവാതെ കുട്ടിയുടെ മാതാപിതാക്കൾ ആത്മഹത്യ ചെയ്തു.ലാളിച്ച പെറ്റമ്മയും കഷ്ടപ്പെട്ട് പോറ്റിയ അച്ഛനും കൺമുമ്പിൽ കിടക്കുന്നത് കണ്ട ആ കുട്ടി അടുത്തുള്ള ബ്രാഹ്മണ ഗ്രാമത്തിലേക്ക് ചെന്നു. ആ നാടിനേയും,ആ ബ്രാഹ്മണനേയും ശപിച്ചു.കുട്ടിയുടെ ശാപം ഫലിച്ചു.ആ ഗ്രാമം കൊടും വരൾച്ചയിൽപ്പെട്ടു. ആ ബ്രാഹ്മമണന് ഒരു തുള്ളി വെള്ളം പോലും കിട്ടാതെ അസഹനീയ ദാഹം കാരണം മരിച്ചു.ആ കുട്ടി വളർന്നു വലുതായി.അവൻ അയിത്തതിനെതിരെ അവന്റെ മാതാപിതാക്കളുടെ പേരിൽ നിരവധി കിണറുകൾ സ്ഥാപിച്ചു. അവ ജലസമൃദ്ധമാണ്..സസ്യങ്ങൾ ഇലയാൽ നിറഞ്ഞു. ആ ഗ്രാമത്തിന് പുതുജീവൻ വന്നു. ആ ഗ്രാമവാസികൾ സന്തോഷിച്ചു. അവർ ഇപ്പോൾ സ്വതന്ത്രരാണ്. എല്ലാ കിണറിലും ആവോളം ജലവും അതുപോലെതന്നെ സന്തോഷവും നിറഞ്ഞ ഒരു ഗ്രാമമായി മാറി. താഴ്ന്ന ജാതിക്കാരുടെ ഗ്രാമം.ശരിക്കും ആ ബാലൻ ബ്രാഹ്മണമേധാവിത്വത്തിനെതിരെ പൊരുതി ജയിച്ചു.

നന്ദന.പി

# मेरा भारत ।

भारत जैसा देश कहां?
भ्रष्टाचार कि जंग हर रोज यहां
एकता का है स्वाद यहां,
प्रगति के पथ पर सब चलते यहां
पंजाब कि रौटी का स्वाद,
बहुत कम है यहां भेदभाव,
मेहनत करते प्यारे किसान,
पैदा हुए है यहां गुरू महान,
करो अनन हजारे को सलाम,
मत भूलो उन्हें जिनका माम है कलाम,
मणाली कि प्यरी प्यारि बफ
जो फैली है हर तरफ,
यहां कि मौसम है कितना अच्छा,
सच्चा है यहां का हर इक बच्चा,
भारत जैसा देश कहां ?
भ्रष्टाचार कि जंग हर रौज जहां ।

स्नेहा.के

9.G




# ആടുജീവിതം

-ബെന്യാമിൻ

മലയാളത്തിലെ പ്രശസ്ത രചയിതാവ് ശ്രീ ബെന്യാമിന്റെ തൂലികയിൽ നിന്നും അടർന്ന വീണ എക്കാലത്തേയും ഏറ്റവും മികച്ച ജനപ്രിയ നോവലാണ് ആടുജീവിതം. ഇത് വെറും കഥയല്ല. ജീവിതമാണ് ആടുജീവതം. ജീവിതത്തിൽ നിന്നും ചീന്തിയെടുത്ത ഒരേടല്ല.ചോര വാർക്കുന്ന ജീവിതം തന്നെയാണ്. മലയാള ഭാഷയിൽ സ്വർണ്ണ ലിപികളാൽ എഴുതിവച്ച അപൂർവ്വ നോവലാണ് ആടുജീവിതം.തന്റെ കുടുംബത്തിലെ പ്രയാസങ്ങൾക്കൊണ്ടാണ് നജാബ് എന്ന മലയാളി ഗൾഫിലേക്ക് യാത്ര തിരിച്ചത്.കുന്നോളം സ്വപ്നങ്ങളുമായി ഗൾഫിലേക്ക് പറക്കുമ്പോളും അയാളെ അവിടെ കാത്തുരുന്നത് വലിയ ദുരന്തമാണെന്ന് ആരും അറിഞ്ഞില്ല. നജീബ് വധിക്കപ്പെടുകയായിരുന്നു. ഒരു ഫാമിലായിരുന്നു അയാളുടെ ജോലി.കുടിക്കാനോ, കുളിക്കാനോ വെള്ളമില്ലാതെ ആടുകളോടൊപ്പം അയാൾ കഴുഞ്ഞുകൂടിയത് വർഷങ്ങളോളമാണ്. ദുരന്തങ്ങളിൽ നിന്ന് ദുരന്തങ്ങളിലേക്ക് അയാളുടെ ജീവിതെ ഒഴുകികൊണ്ടിരുന്നു. അവസാനം ആ അടിമ ജീവിതത്തിൽ നിന്നും രക്ഷപ്പെട്ടു. മരുഭൂമിയുടെ ഭീകരതയും സൗന്ദര്യവും ഇത്രയേറെ വർണ്ണിച്ച ഒരു നോവലും മലയാളഭാഷയിൽ ഉണ്ടായിട്ടില്ല. അതിപോലെ നജാബിന്റെ ജീവിതത്തിലെ എല്ലാ കഥാപാത്രങ്ങളും ഓരോ ഏടുകളും ബെന്യാമിൻ വളരെ മനോഹരമായി വർണ്ണിച്ചിട്ടിണ്ട്.

അതുതന്നെയായിരിക്കാം ഈ നോവൽ ലോകപ്രശസ്തിയാർജിക്കാനുള്ള കാരണം.ചങ്ങമ്പുഴയുടെ രമണനു ശേഷം മലയാളത്തിലെ നാഴികക്കല്ലായ നോവൽ. സ്വന്തം മനക്കരുത്താൽ ജീവിത സങ്കടക്കടൽ നീന്തി കടന്ന നജീബ് എന്ന ഈ കഥാപാത്രം നാം ഏവർക്കും ഒരു പ്രചോദനമാണ്. ഏവരും വായിച്ചിരിക്കേണ്ട ഒരു അപൂർവ്വ നോവലാണ് ഇത്.

-അച്ചുകൃഷ്ണ.ഡി.പി

9.G

# മണ്ണിൽ വീണ താരകം

വിണ്ണിൽ നിന്നും പൊട്ടിവീണു
വെട്ടം ചൊരിയും താരകം
വെട്ടമെല്ലാം ചോർന്നപേലൊരു
കനവുകണ്ടു താൻ സ്വയം
കൂട്ടരൊത്തു കളിച്ചു രസിച്ചു
കൂട്ടം തെറ്റിയതറിയാതെ
വീണവല്ലോ വിണ്ണിൽ നിന്നും
മണ്ണിലേക്കൊരു താരകം
സ്വപ്നമെല്ലാം പൊട്ടിച്ചിതറും
മുത്തുപോലെ തെറിച്ചുപോയ്
അമ്മയെതാൻ കനവുകണ്ടു
പൊട്ടി കരയും മിഴിയുമായ്
കണ് നിറഞ്ഞു താരകത്തിൻ
നെഞ്ചിതൊന്നു പിടഞ്ഞല്ലോ
വെട്ടത്തിന്റെ ശോഭയോടെ
മണ്ണിൽ ചേർന്നു താരകം

-ആര്യ അനിൽകുമാർ.എസ്


9.H

വായനക്കുറിപ്പ്

# രണ്ടാമൂഴം

- എം.ടി വാസുദേവൻ നായർ


മലയാളത്തിലെ പ്രശസ്തമായ നോവലാണ് രണ്ടാമൂഴം. മഹാഭാരതകഥ ആസ്പദമാക്കി രചിച്ച ഈ നോവലിൽ ഭീമനാണ് കേന്ദ്ര കഥാപാത്രം. അഞ്ചു മക്കളിൽ രണ്ടാമനായ ഭീമൻ എല്ലായ്പ്പോഴും അർജ്ജുനനോ യുധിഷ്ഠിരനോ കഴിഞ്ഞ് രണ്ടാമൂഴമേ ലഭിക്കുന്നുള്ളൂ. പാഞ്ചാലിയുടെ കാര്യത്തിലും ഇത് തുടരുന്നു. ഇതാണ് പേരിനു പിന്നിൽ.. മഹാഭാരത കഥ തന്നെയാണ് രണ്ടാമൂഴത്തിന്റെ കഥയും. എങ്കിലും അതിശക്തനും ലളിത ചിന്താഗതിക്കാരനുമായ ഭീമൻ എന്ന മനുഷ്യന്റെ ചിന്തകളും വികാരങ്ങളും ഭീമന്റെ നിത്യജീവിതത്തിൽ സംഭവിക്കുന്ന സംഭവങ്ങളും നോവലിൽ ഭീമന്റെ കണ്ണിലൂടെ വിവരിക്കുന്നു .പലപ്പോഴും സഹോദരന്മാരുടെ ചിന്തകൾ ഭീമന് മനസ്സിലാവുന്നില്ല. കാനന കനാറ്റയായ ഹിഡിംബിയിലാണോ അതോ രാജകുമാരിയായ ദ്രൗപതിയിലാണോ ഭീമന് കൂടുതൽ പ്രണയം എന്ന് വായനക്കാരന് സംശയം ഉണ്ടാക്കുന്നു. വായു ദേവനെ വിളിച്ചു പോന്ന ഭീമന്റെ പിതൃത്വം കഥാന്ത്യത്തിൽ ചോദ്യം ചെയ്യപ്പെടുന്നു. ശക്തനായ ഒരു മകനെ കിട്ടാൻ വേണ്ടി കാട്ടിൽ നിന്നും ചങ്ങലയഴിഞ്ഞു വന്ന ഒരു കാട്ടാളനെ പ്രാപിക്കേണ്ടിവന്നു എന്ന് കുന്തി ഭീമനോട് പറയുന്നു. വായുപുത്രനെന്ന് അഹങ്കരിച്ചിരുന്ന ഭീമൻ ഒടുവിൽ അവിടെയും തോൽക്കപ്പെടുന്നു. ഒടുവിൽ ഭാരത യുദ്ധത്തിന്



ശേഷം മലകയറവേ ഓരോ സഹോദരങ്ങളായി വീണുപോവുന്നു. അവരുടെ പാപങ്ങളാണ് അവരെ വീഴ്ത്തിയതെന്ന യുധിഷ്ഠിരന്റെ വാക്കു വിശ്വസിച്ച് മുന്നോട്ട് നടക്കവേ ദ്രൗപതിയും വീഴുന്നു.ഇത് കണ്ട് ദ്രൗപതിയെ താങ്ങാൻ ഭീമൻ തിരിഞ്ഞു നടക്കുന്നു. മഹാഭാരതത്തിൽ വളരെ അകലെ കാണപ്പെടുന്ന പല കഥാപാത്രങ്ങളും രണ്ടാമൂഴത്തിൽ വളരെ അടുത്ത് നോക്കി കാണിൻ കഥാകാരൻ ശ്രമിക്കുന്നു. ദീമന്റെ സാരഥിയായ വിശോകനെ വളരെ ചെറുതായി ആണ് കാണിക്കുന്നത്. രണ്ടാമൂഴത്തിൽ കർണ്ണനെ വിധിക്കാൻ കിട്ടിയ അവസരത്തിൽ അത് തന്റെ സഹോദരനാണ് എന്ന് പറഞ്ഞത് വിശോകനാണ്. പണ്ടൊരിക്കൽ കുന്തി ദേവിയെ കാണാൻ ചെന്ന വിശോകൻ കർണ്ണനോട് അവൻ തന്റെ മകനാണ് മൂത്ത പാണ്ഡവനാണ് എന്ന് പറയുന്നത് വിശോക് കേട്ടു. കഥാതന്തുവിൻ വളരെ വലിയ മാറ്റം വരുത്തുന്ന ഒരു സംഭവത്തിൽ പ്രധാനപ്പെട്ട കഥാപാത്രമായി മാറുന്നത് വിശോകനാണ്. 1985 ലെ വയലാർ അവാർഡ് നേടിയ നോവലാണ് രണ്ടാമൂഴം.1977 നവംബറിൽ മരണം വളരെ സമീപത്തെത്തി പിന്മാറിയ സമയം അവശേഷിച്ച കാലം കൊണ്ട് എങ്ങനെയെങ്കിലും എഴുതി തീർക്കണം എന്ന് ആഗ്രഹിച്ച എഴുതിയ ഒരു നോവലാണ് രണ്ടാമൂഴം എന്ന എം ടി പറയുന്നു

DEVIKA. DINESH

9 G




# കുരുവിയുടെ സൂത്രം

പണ്ട് പണ്ട് കിങ്ങിക്കാട്ടിൽ പേടിത്തൊണ്ടനായ ഒരു സിംഹരാജാവ് ഉണ്ടായിരുന്നു.ആ കാട്ടിൽ ദുഷ്ടനായ ഒരു കടുവ ഉണ്ടായിരുന്നു. സിംഹത്തിന് അതിനെ പേടിയായിരുന്നു.ഒരു ദിവസം കടുവ സിംഹത്തെ വല്ലാതെ ഉപദ്രവിച്ചു. അവശനായ സിംഹത്തോട് ആ കാട് വിട്ട് പോവാൻ കടുവ പറഞ്ഞു.സിംഹം സങ്കപ്പെട്ടിരിക്കുന്നത് കണ്ട് പിങ്കി കുരുവി അടുത്തു വന്നു.കടുവയെ തോൽപ്പിക്കാൻ സിംഹത്തോട് കുരുവി പറഞ്ഞു. എനിക്ക് അതിനുള്ള ശക്തി ഇല്ലെന്ന് സിംഹം കരഞ്ഞുകൊണ്ട്

അപ്പോൾ കുരുവിക്ക് ഒരു സൂത്രം തോന്നി. ഞാൻ ദൂരെ കാട്ടിലെ ദിവ്യശക്തിയുള്ള പഴം കൊണ്ടുവരാം. അതു കഴിച്ചാൽ കടുവയെ തോൽപ്പിക്കാൻ കഴിയും. ഇതു പറഞ്ഞു കരുവി ദൂരേക്ക് പറന്നുപോയി.കുറേ കഴിഞ്ഞ് ഒരു പഴവുമായി വന്നു. സിംഹത്തിന് നൽകി.പഴം കഴിച്ചപ്പോൾ സിംഹത്തിനു ഭയങ്കര ശക്തി ഉള്ളതായി തോന്നി.സിംഹം കടുവയെ തോൽപ്പിച്ചു.അപ്പോൾ കുരുവി പറഞ്ഞു:ഇത് സാധാരണ പഴമായിരുന്നു.രാജാവ് ആദ്യമേ ശക്തിമാനായിരുന്നു.ഇതു കേട്ടതോടെ രാജാവിന് വളരെ സന്തോൽമായി.രാജാവ് പിങ്കിയ്ക്ക് സമ്മാനങ്ങൾ നൽകി.പിങ്കി കരുവി സന്തോഷത്തോയെ പറന്നു പോയി.

മുകേഷ്


9.E

## കുഞ്ഞുമനസ്സ്

കുഞ്ഞായിരുന്നപ്പോൾ കുയിലിന്റെ പാട്ടിന്
എതിർപാട്ടുപാടി കളിച്ചിരുന്നു
ആകാശമുറ്റത്തെയമ്പിളി മാമനോ
എന്നോടൊപ്പം നടന്നിരുന്നു
പുലരിയിൽ വിടരുമ്പോളതുകണ്ടു
പുഞ്ചിരിപ്പൂക്കൾ പൊഴിച്ചിരുന്നു
പുഴയുടെ താളത്തിൽ നാടൻ പാട്ടുകൾ
തുടികൊട്ടി പാടി നടന്നിരുന്നു
തിരമാലകൾക്കൊപ്പം തുള്ളിക്കളിച്ചു ഞാൻ
തീരത്തു സാഗരം കണ്ടു നിന്നു
ചക്രവാളങ്ങളെ പുൽകി പറക്കുവാൻ
കുഞ്ഞുമനസ്സിൽ ചിരകുവന്നു
ആരു തന്നു എനിക്കാരുതന്നു അന്നെൻ
കുഞ്ഞിമനസ്സിലായ് ഭാവനകൾ

-

അർഷ.പി
൯.G




# A WONDERFUL MOTHER

God made a wonderful mother,
a mother who never grows old,

In her eyes he placed a bright shining star,
In her cheeks fair roses you see,

he made her smile from the sunlight,
and he moulded her of pure gold,

god made a wonderful mother,
and he gave that dear mother to me.........

**ANJU PRAKASH**
**9G**






# ഓണം

ഓണം ഓർമ്മകളിൽ വിരിയും പൂക്കാലം.
ഓണം നഷ്ടസ്വപ്നത്തിൻ ബാക്കിപത്രം.
ഓണം വിപണനത്തിൻ പുതു തന്ത്രം.
ഓണം ലഹരിയിൽ മേയ്യും യൗവ്വനകാലം.
ഓണം മാലോകർ ഒന്നല്ലാത്ത കാലം.
ഓണം വാട്സാപ്പിൽ നിറയും ആശംസാകാലം.
ഓണം വർണ്ണത്തിളർപ്പിൽ മേയ്യും ഹൈടെക് കാലം.
ഓണം നാട്ടുപ്പൂക്കൾ അന്യമായ കാലം.


**-അനസൂയ.കെ.ജിത്ത്.**





# റിയാന്റെ കിണർ

**-അബ്ദുള്ളക്കുട്ടി എടവണ്ണ**

ഒന്നാം ക്ലാസ് വിദ്യാർത്ഥിയായ റിയാൻ എന്ന കൊച്ചു ബാലന്റെ ഉത്കടമായ ഇച്ഛാശക്തികൊണ്ടും മനസ്സിൽ നിറഞ്ഞു നിന്ന നന്മ കൊണ്ടും വളർത്തിയെടുക്കുകയും ഇന്നും സജീവമായി നിലനിൽക്കുകയും ചെയ്യുന്ന
ഒരു മഹാപ്രസ്ഥാനത്തിന്റെ വിജയ കഥയാണ് അബ്ദുള്ളക്കുട്ടി എടവണ്ണയുടെ റിയാന്റെ കിണർ എന്ന ഈ പുസ്തകം. അല്ലെങ്കിൽ ഇതിൽ ജലത്തിനായി ഒറ്റക്ക് പോരാടിയ ഒരു കുട്ടിയുടെ ജീവിതകഥ ജീവിതകഥ പോരാടിയ ഒരു കുട്ടിയുടെ ജീവിതകഥ കഥ ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ എന്ന കൊച്ചു ബാലൻ ടീച്ചർ ജലത്തിൻറെ മൂല്യത്തെക്കുറിച്ച് ആഫ്രിക്കൻ രാജ്യങ്ങളുടെ ജലക്ഷാമത്തെ കുറിച്ചും ജലക്ഷാമത്തെ കുറിച്ചും ആഫ്രിക്കൻ രാജ്യങ്ങളുടെ ജലക്ഷാമത്തെ കുറിച്ചും പറയുന്ന കഥ കേട്ട് ശ്രദ്ധിച്ചിരുന്നു തിരിച്ചു വീട്ടിൽ എത്തിയപ്പോൾ ആഫ്രിക്കൻ രാജ്യങ്ങളിൽ കുഴൽക്കിണർ നിർമിക്കാൻ വേണ്ടി വേണ്ടി അമ്മയോട് നിർമിക്കാൻ വേണ്ടി വേണ്ടി അമ്മയോട് ആവശ്യപ്പെടുകയാണ് അമ്മ അറിയാതെ ഒരു കൊച്ചുകുട്ടി കരുതി ഇതേ കാര്യം ആവർത്തിക്കുകയും ചെയ്തു പക്ഷേ അമ്മയും അച്ഛനും ഒന്നും പ്രതികരിക്കാത്തത് കണ്ടപ്പോൾ ആഫ്രിക്കൻ രാജ്യങ്ങളിലെ ജലക്ഷാമത്തെക്കുറിച്ചും അത് കാരണം ഉണ്ടാകുന്ന ദുരന്തങ്ങളെ കുറിച്ചും അവർക്ക്



റിയാൻ എത്ര ഗൗരവത്തിലാണ് പറഞ്ഞതെന്ന് മനസ്സിലാകുന്നു. എന്തെങ്കിലും വീട്ടിലെ ജോലികൾ ചെയ്താൽ പണം നൽകാമെന്ന് അവർ പറയുന്ന ു.ആദ്യമൊക്കെ നന്നായി ഉത്സാഹത്തോടെ ചെയ്യും എന്നും പിന്നീട് ഉത്സാഹം കുറയും എന്നാണ് ഇയാളുടെ പിന്നീട് ഉത്സാഹം കുറയും എന്നാണ് ഇയാളുടെ മാതാപിതാക്കൾ കരുതുന്നത് എന്നാൽ അവരുടെ പ്രതീക്ഷകൾ തെറ്റിച്ചുകൊണ്ട് റിയാൻ വീട്ടുജോലികൾ ചെയ്യുകയാണ്. അവന്റെ കഠിനാധ്വാനത്തിന് ഫലമായി **70** ഡോളർ തികഞ്ഞു.ആ **70** ഡോളർ കൊണ്ട് റിയാൻ തന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു. പിന്നീട് പല നല്ല ജനങ്ങ ളുടെ സഹായം സ്വീകരിച്ചും **CI DA** എന്ന സ്ഥാപനത്തിന്റെ പിന്തുണയോടെയും ആഫ്രിക്കയിലെ ജലപദ്ധതികൾക്കു വേണ്ടി റിയാൻ **75000** ഡോളർ സ്വരൂപിച്ചു.റിയാൻ എന്ന ആ കുട്ടിക്ക് ആഫ്രിക്കയിൽ ഒരു നല്ല സുഹൃത്തിനെയും ലഭിച്ചു.**2000** ജൂലായിൽ ആദ്യമായി റിയാൻ താൻ നിർമിച്ച കിണർ കാണാൻ ആഫ്രിക്കയിൽ പോകുന്നു. അവിടെ നിന്ന് റിയാന് ഒരു ആടിനെ സമ്മാനമായി ലഭിച്ചു.ഒരു യുദ്ധത്തെ ഭയന്ന് അവന്റെ ആഫ്രിക്കൻ സുഹൃത്ത് അടുത്ത് താമസം തുടർന്നു.റിയാൻ എന്ന ബാലൻ ഇന്ന് **Ryan ' s well foundation** എന്ന വലിയ പ്രസ്ഥാനത്തിന് നേതൃത്വം നൽകിക്കൊണ്ട് ലോകത്തെങ്ങും ശുദ്ധജലം ലഭ്യമാകുന്ന ദിവസത്തിന് വേണ്ടി



മനസ്സിലാക്കി കൊടുക്കുന്നു. അപ്പോൾ അവർക്ക് ഈ കാര്യം പ്രയത്നിക്കുകയാണ്. തികച്ചും ഒരു കുട്ടിയുടെ പ്രയത്നത്തിന്റെ വിജയകയാണ് ഈ പുസ്തകം. കുട്ടികൾ വിചാരിച്ചാൽ ഈ ലോകം മാറ്റിമറിക്കാമെന്ന വലിയ സന്ദേശം ഈ പുസ്തകത്തിലൂടെ നമുക്ക് ലഭിക്കുന്നു.


ദേവാംഗന . പി

9 G

# HISTORY OF INTERNET

**The advanced research project agency under American Defence Department designed a computer network connecting computers at four centres named ARPANET(Advanced Research Project Agency Network) for communication pur-pose on 2 January1969.This is the beginning of the Internet. Later it is expanded as the Internet that we see now by including many institutions and countries in this network. India also joined in the global network on August 15, 1995.**

**SAYANTH**
**9:F**




# കാബൂളിവാല

-രവീന്ദ്രനാഥടാഗോർ

വിശ്വമഹാകവിയും എഴുത്തുകാരനുമായ രവീന്ദ്രനാഥടാഗോറിന്റെ പ്രശസ്തമായ ഒരു ചെറുകഥയാണ് കാബൂളിവാലാ.നാട്ടിലുണ്ടായ കടം വീട്ടുന്നതിനായി ഇന്ത്യയിൽ കച്ചവടത്തിനെത്തുന്ന ഒരു അഫ്ഗാൻകാരനും മിനി എന്ന കൊച്ചുപെൺകുട്ടിയും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ കഥയാണ് ടാഗോർ കാബൂളിവാലയിലൂടെ പറയുന്നത്.തലയിൽ കെട്ടും,ചുമലിൽ ഒരു ചാക്കും,അഴുക്കുപിടിച്ചവസ്ത്രവും,കാബൂളിവാലാ...... കാബൂളിവാലാ.... എന്ന വിളിയുമായാണ് മിനിയുടെ വീട്ടിലേയ്ക്കും,ജീവിതത്തിലേയ്ക്കും അയാൾ ആദ്യമായി കടന്നെത്തിയത്. അയാൾ അടുത്തെത്തിയപ്പോൾഅവൾ പേടിച്ച് അച്ഛനു പിറകിൽഒളിച്ചെങ്കിലും പിന്നീട് അവർതമ്മിൽ പലവട്ടം കണ്ടുമുട്ടി ഉറ്റസുഹൃത്തുകളായ ഠി.എല്ലാദിവസങ്ങളിലും മിനിയുടെ വീട്ടിലേയ്ക്കുള്ള കാബൂളിവാലായുടെ വരവും പതിവായി.

പിന്നിടൊരിക്കൽ ഒരാളെ കത്തികൊണ്ട് കുത്തിയ കുറ്റത്തിന്
പോലിസ് അയാളെ അറസ്റ്റ് ചെയ്തു.വിലകൂടിയ രാംപുരി ഷാൾ കടമായി നൽകുകയും പിന്നീട് അതിനുള്ള പണം ചോദിച്ചപ്പോൾ നൽകാത്തതുമാണ് കാബൂളിവാലയെ പ്രകോപിപ്പിച്ചത്. കുറെ നാൾ
കാബൂളിവാലയെ കാണാതിരുന്നതോടെ മെല്ലെ മെല്ലെ മിനിയുടെ ഓർമ്മയിൽനിന്ന് അയാൾ മറഞ്ഞു. പിന്നീട്




വർഷങ്ങൾക്കുശേഷം മിനിയുടെ കല്ല്യാണദിവസത്തിലാണ് കാബൂളിവാല വീണ്ടുമെത്തുന്നത്.കീബൂളിവാല മിനിയെ കാണണമെന്ന് ആവശ്യപ്പെട്ടെങ്കിലും മിനിയുടെ അച്ഛൻ അതിൽനിന്നും ഒഴിഞ്ഞുമാറി.പിന്നീട് അയാളുടെ മനസ്സ് കണ്ട് മിനിയെ കാണാൻ അനുവദിച്ചെങ്കിലും പണ്ടത്തെ മിനിയിൽ നിന്ന് എത്രയോ മാറിയ അവൾ അയാൾക്ക് ചെറുപുഞ്ചിരി മാത്രം നൽകി അകത്തേക്ക് പോയി.മിനിയെ കണ്ടപ്പോഴാണ് അയാൾ നാട്ടിലുള്ള തന്റെ മകളുടെ കാര്യവും ഓർത്തത്. വളർന്നുവലുതായ അയാളുടെ മകൾക്കും കല്യാണപ്രായമെത്തിക്കാണും എന്നയാൾ ചിന്തിച്ചു.തന്റെ നെഞ്ചിൽ മകളുടെ ഓർമ്മയ്ക്കായി സൂക്ഷിച്ച ഒരു കടലാസിൽ പതിച്ച അവളുടെ കൊച്ചു കൈപ്പത്തിയുടെ അടയാളം നോക്കി നിറകണ്ണുകളോടെ മടങ്ങുന്നതിലൂടെ ടാഗോർ കഥ പറഞ്ഞു നിർത്തുന്നു.

കാബൂളിവാല എന്ന ഈ ചെറിയകഥ ടാഗോറിന്റെ ദർശനങ്ങളുടേത് കൂടിയാണ്.സ്നേഹത്തിനും സൗഹൃദത്തിനും പ്രായദേശഭാഷാവിത്യാസങ്ങളുടെ അതിർവരമ്പുകളില്ലെന്നും അദ്ദേഹം കാട്ടിത്തരുന്നു.ഒപ്പം വ്യാപാരം എന്നത് വിശ്യാസത്തിന്റേയും സ്നേഹത്തിന്റേയും അടയാളപ്പെടുത്തലാണെന്നും ടാഗോർ കാബൂളിവാലയിയൂടെ സ്ഥാപിക്കുകയാണ്.

അഞ്ജു പ്രകാശ്.പി

9G





## കുറുക്കന് പറ്റിയ അമളി

ഒരിടത്ത് ഒരി പൂവൻ കോഴിയും കുറുക്കനും ഉണ്ടായിരുന്നു. അവർ നല്ല ചങ്ങാതിമാരായിരുന്നു.ഒരു ദിവസം കുറുക്കന് ഭക്ഷണമൊന്നും കിട്ടിയില്ല.അവന് വിശന്നിട്ട് വയ്യ. വിശന്നു വലഞ്ഞ അവന് ഒരു സൂത്രം തോന്നു. അവൻ പൂങ്കോഴിയെ വിളിച്ചു. പൂങ്കോഴീ നീ എന്റെ കൂടെ ഒളിച്ചു കളിക്കാനുണ്ടോ? അതേ ഉണ്ട് പൂങ്കോഴി പറഞ്ഞു.നീ ആദ്യം എണ്ണ് പിന്നെ  ഞാൻ നിന്നെ കണ്ടുപിടിക്കാം. പൂങ്കോഴി എണ്ണിത്തുടങ്ങി. കുറുക്കൻ മെല്ലെ മെല്ലെ പൂങ്കോഴിയുടെ അടുത്തേക്ക് ചാടാൻ നോക്കി. ശബ്ദം കേട്ടാണ് പിറകിലേക്ക് നോക്കിയത്.തന്റെ പ്രിയകൂട്ടുകാരൻ തന്നെ തിന്നാൻ പോകുന്നത് കണ്ട പൂങ്കോഴി പറഞ്ഞു:നീ ഇത്ര തെറ്റായ കാര്യം ചെയ്യുമെന്ന് ഞാൻ ഒരിക്കലു വിചാരിച്ചില്ല. അങ്ങനെ കുറുക്കനും പൂങ്കോഴിയും പിരിഞ്ഞു.

-അനഘ.എം

9.B





# ഗള്ളിവറുടെ യാത്രകൾ

**-ജൊനാതൻ സ്വിഫ്റ്റ്**

ജൊനാതൻ സ്വിഫ്റ്റിന്റെ ഗള്ളിവറുടെ യാത്രകൾ ലോകം മുഴുവൻ വായിക്കപ്പെട്ട പുസ്തകമാണ്.മന്ത്രിതലം മുതൽ നഴ്സറി വരെ വായിച്ച പുസ്തകം എന്നാണ് മഹാകവി അലക്സാണ്ടർ പോപ് ഇതിനെവിശേഷിപ്പിച്ചരുന്നത്. വിശിഷ്ടമായ ഭാവനാലോകത്തെ ഹൃദ്യമായ അനാവരണമാണ് ഗള്ളിവറുടെ യാത്രകൾ.മനുഷ്യന് പ്രകൃതിയോടുള്ള പരിഹാസഭാവവും അതുപോലെ നാം പരിചയിച്ച സഞ്ചാര കഥനങ്ങളുടെ ഹാസ്യാത്മകതയും ഈ പുസ്തകത്തിൽ ഉൾചേർന്നു കിടക്കുന്നുണ്ട്. പ്രകൃതത്തവത്തിൽ നിന്ന് ആധുനികതയിലേക്കുള്ള ചുവടുമാറ്റത്തിനിടയിലെ മനുഷ്യന്റെ സംഘർഷഭരിതമായ ജീവിതം ഈ കൃതിയിൽ നിന്ന് വായിച്ചെടുക്കാവുന്നതാണ്. അന്നത്തെ കാലത്ത് യൂറോപ്യൻ ഗവൺമെന്റിന്റെ ഭരണശൈലിയേയും സ്ഥിതിവിശേഷങ്ങളേയും പരിഹസിക്കുന്ന കൃതിയാണ് ഇതെന്ന് നിരൂപകൻ തന്നെ വിശേഷിപ്പിച്ചിട്ടുണ്ട്.ഒരു ഡോക്ടറും അനേകം കപ്പലുകളുടെ ക്യാപ്റ്റനുമായിരുന്നു ഗള്ളിവർ.ഗള്ളിവർ എത്തിച്ചേരുന്നത് അത്ഭുതം വിളയുന്ന ഒരു ഭൂമിയിലാണ്.നാല് ഭാഗങ്ങളിലായാണ് ഈ കൃതി.ജന്മനാ തിന്മയോട് അഭിമുഖ്യമുള്ളവരേയും, തിന്മയിലേക്ക് വീണുപോകുന്നവരേയും കുറിച്ചുള്ള അന്വേഷണവും ഇതിൽ നിറഞ്ഞു നിൽക്കുന്നു.ഇത് കെ.പി.ബാലചന്ദ്രനാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്.

**അഞ്ജന.കൃഷ്ണാ.പി**
**9.G**




# തെരുവ് ജീവിതം;
# തെരുവിന്റെ മക്കൾ

ഒരു ഇരുണ്ട രാത്രി.വാളയാർ പോലീസ് സ്റ്റേഷനിൽ നിന്ന് ഒരു നിലവിളി. അമ്മേ.... രാജൻ പോലീസ് ഒരാളെ അടിക്കുകയാണ്. രാമുവിന് നേരെയാണ് ആ മർദ്ദനം. അവൻ ഉറക്കെ കരയുന്നു.പണ്ട് ആരോ പിഴപ്പിച്ച് തെരുവിലേക്ക് വലിച്ചെറിഞ്ഞ ആ സ്ത്രീയുടെ മകനാണ് രാമു. പിച്ചയെടുത്ത് ജീവിച്ചിരുന്ന ബാലേട്ടനാണ് അവനെ വളർത്തിയത്.ബാലേട്ടനും മരിച്ചപ്പോൾ അവൻ ഒറ്റക്കായി. തെരുവ് അവന്റെ വീടായാണ് അവൻ കരുതുന്നത്. കഴിഞ്ഞദിവസം തെരിവിനടുത്തുള്ള  ആ വലിയ വീട്ടിൽ കള്ളൻ കയറി. കള്ളനെ പോലീസുകാർക്ക് കണ്ടെത്താനായില്ല. കട്ടവനെ കിട്ടിയില്ലെങ്കിൽ കിട്ടിയവനെ പൊക്കുന്നവരാ പോലീസ്, കോൺസ്റ്റബിൾ രാമനുണ്ണി പറയുന്നു; മതി സാറേ ആ ഈ സാധനം ഇവിടെ കിടന്ന് മരിച്ചാൽ നമ്മുടെ തലയിലാവും കുരിശ്. രാജൻ പോലീസ് നെറ്റിയിലെ വിയർപ്പ് കാക്കി ട്രൗസറിൽ തുടച്ചു. പോകുന്ന പോക്കിൽ രാമുവിന് ഒരു ചവിട്ടും കൊടുത്തു. അമ്മേ രാമു നിലവിളിച്ചു. എടോ പീസീ അവനെ പിടിച്ച് റോഡിലേക്കിട്, ഇവിടെ കിടന്ന് ചാവണ്ട രാജൻ പോലീസ് പറഞ്ഞു. രാമനുണ്ണി മേനോൻ രാമുവിനെ വലിച്ചിഴച്ച് റോഡിലിട്ടു. അവൻ കരഞ്ഞുകൊണ്ട് രാമേട്ടന്റെ ചായക്കടയുടെ കടത്തിണ്ണയിൽ പോയികിടന്നു.



പിറ്റേന്ന് രാവിലെയായപ്പോൾ രാമു എടാ രാമു ........ എഴുന്നേൽക്ക്. രാമു കണ്ണു തുറന്നു. തന്റെ ഉറ്റ ചങ്ങാതി കുട്ടൻ മുമ്പിൽ ഇന്നലെ നിനക്ക് ഒരുപാട് തല്ല് കിട്ടിയോ കുട്ടൻ ചോദിച്ചു. എന്നെ ഒരിപാട് തല്ലി. ഞാൻ അലറി കരഞ്ഞു. രാമു പറഞ്ഞു.എന്നെ ഒരുപാട് തല്ലി.ഞാൻ അലറി കരഞ്ഞു:രാമു പറഞ്ഞു നിന്നെ കാണാൻ സുരേഷേട്ടൻ വന്നുട്ടുണ്ട്.'സുരേഷേട്ടനോ' ഇവിടത്തെ വില്ലേജ് ഓഫീസറാണ് സുരേഷേട്ടൻ. സുരേഷേട്ടന് രാമുവിനെ വലിയ ഇഷ്ടമാണ്.സുരേഷേട്ടൻ അടുത്തു വന്നു.'മോനേ ഞാനിവിടെ ഇല്ലാതെ പോയി'. നിന്നെ ഒരുപാട് അടിച്ചോ?ഇല്ല സുരേഷേട്ടാ രാമു പറഞ്ഞു. നീ എന്റെ വീട്ടിലേക്ക് പോര്.ഞാൻ നിന്നെ പഠിപ്പിക്കാം.അവിടെ നിന്നെ ആരും തല്ലില്ല.

അങ്ങനെ രാമു സുരേഷേട്ടന്റെ വീട്ടിലായി. കുറേക്കാലം അവിടെ തങ്ങിയശേഷം തനിക്ക് ഒറ്റയ്ക്ക് ജീവിക്കണമെന്ന് രാമുവിന് തോന്ന ി.അതിനു പണം വേണം.അവനൊരു ബുദ്ധി തോന്നി.അന്നു രാത്രി തന്നെ അവൻ സുരേഷേട്ടന്റെ വീട്ടിൽ  നിന്ന് പണം മോഷ്ടിച്ചുകടന്നുകളഞ്ഞു. തന്നെ ചതിച്ച രാമുവിനെ ഇപ്പോവും തെരുവുലൂടെ അന്വേഷിക്കുകയാണ് സുരേഷ്.

അഭിശ്രീ.പി


9.D

## നങ്ങേലി തത്തയും കുരങ്ങുണ്ണി വൈദ്യരും

ഒരു ദിവസം തെക്കേവലയിലെ കാക്കച്ചിയമ്മയ്ക്ക് കല്യാണമായി. കല്യാണം നടക്കുന്നതിനിടയിൽ കാക്കച്ചിയമമ്മ തലർന്നു വീണുപോയി.എല്ലാ കാക്കകളും ബഹളം വെച്ച് വൈദ്യൻമാരുടെ സഹായം തേട ി.പക്ഷേ,ഒരു വൈദ്യനും കാക്കച്ചിയമ്മയെ രക്ഷിക്കാൻ കഴിഞ്ഞില്ല. നല്ലവളായ നങ്ങേലി തത്ത കാക്കച്ചിയമ്മയുടെ കല്യാണത്തിന് വരുകയായിരുന്ന ു.അപ്പോഴതാ കാക്കച്ചിയമ്മ തളർന്നു വീണ് കിടക്കുന്ന ു.നല്ലവളായ നങ്ങേലി വേഗം പോയി കുരങ്ങുണ്ണി വൈദ്യരെ വിളിച്ചു വരുത്തി.കുരങ്ങുണ്ണി വൈദ്യർ കാക്കച്ചിയുടെ അസുഖം മാറ്റിയെടുത്തു.ഇത് കണ്ട് എല്ലാ കാക്കൾക്കും നങ്ങേലി തത്തയ്ക്കും സന്തോഷമായി.

അവർ കുരങ്ങുണ്ണി വൈദ്യർക്കും നങ്ങേലി തത്തയ്ക്കും നന്ദി പറഞ്ഞു.അങ്ങനെ കാക്കച്ചിയമ്മയുടെ കല്യാണം നങ്ങേലി തത്തയും കുരങ്ങുണ്ണി വൈദ്യരും കൂടി ആഘോഷമാക്കി തീർത്തു.അങ്ങനെ അവരുടെ ദിവസം സന്തോഷത്തോടെ കടന്നു പോയി.


ദേവിക.പി
9.D




## പ്രളയം എന്ന ഭൂകമ്പം

നേരം പുലർക്കുമ്പോൾ എൻ മുന്നിലതാ
പ്രളയകെടുതുയെന്ന ഭൂകമ്പം
ഞങ്ങളുടെ മനസ്സിലെ ഭീതിയാണ്
ആ പ്രളയം
പ്രളയം,പ്രളയം ഒരു ജനതയെ മുഴുവൻ
വിറപ്പിച്ച സംഭവം
പ്രളയം, മണ്ണിടിച്ചിൽ എന്തു പറഞ്ഞിറ്റ്
മനുഷ്യനെ ആതികേറ്റുന്ന പ്രളയം
പ്രളയം,പ്രളയം,.......

ശിവാങ്കി.എസ്.ഗിരീഷ്
8.H





# ബാധ

നിലാവിന്റെ ദീപ്തിയുൽ ബാധ മിട്ടു പോയ
അന്തകാരത്തെ നോക്കി നീലിമ മൊഴിഞ്ഞു
എവിടെ നിന്റെ ചിലമ്പുകൾ ആനന്തദീപ്തി-
യിൽ മറന്നു വെച്ചു പോയോ?

തിരതല്ലി മറയുന്ന ആഴക്കടലിൽ
അലതല്ലി മറഞ്ഞിതോ ആ ചില-
മ്പുകളെനോർക്കവെ മീനാക്ഷിതൻ
തേങ്ങലാണോ പെരുമഴയായി
പ്രളയ- മായി നാടിനെ വിഴുങ്ങിയത്.

മനസ്സാകുന്ന മധു പാത്രത്തിൽ
നിറഞ്ഞൊഴുകിയലഞ്ഞു ഹാ! കണ്ണീർ-
കിണ്ണം.തണ ചോരത്തുള്ളികൾ
പടർന്നൊഴികിയ കലാലയഗന്ധ-
മുറങ്ങും മണ്ണിൽ.

കലയുറങ്ങുന്നില്ലവരുടെ മനമതിലു-
റങ്ങുന്ന ബാധ കൂടിയ കോമരങ്ങൾ
ആചാരമല്ലിതനുഷ്ഠാനമല്ലിത് കേവലം
മാനവൻ തന്നുടെ ദുരാചാരം.......കേവലം
മാനവൻ തന്നുടെ ദുരാചാരം.




നാടോടികഥ നൃത്തനൃത്യങ്ങൾ മറമന്നവൻ
കലാലയ പൂമുഖത്തുറഞ്ഞു തുള്ളുന്ന.
പെറ്റ നോവിന്റെ വിലയതവൻ വിസ്മരിച്ച
തറിയാതെ കഴുകുന്നന്യന്റെ എച്ചിൽ
പാത്രമാവിദൂഷയാമമ്മ

രാഷ്ട്രീയം രാഷ്ട്രബോധമുള്ളവനാണല്ലാതെ
രക്തത്തിലുപ്പൂക്കുനകൾ കുമിയുംമ്പോളുയത്തു
ന്നതല്ലി സോദരാ
വിദ്യായാണ സോദരാ തങ്ങളുടെ രാഷ്ട്രീയം
കഥയറിയാതെയാടിയ്യാട്ട കഥ
കഥ കഴിഞ്ഞിട്ടറിഞ്ഞാമതിയോ
സോദരാ നിനക്ക്.

അന്ത്യാവശേഷമുയത്തും നിന്റെ
നാമതുപാരിൽ കൊടിയായി ശില്പമായി
ഉള്ളു പൊള്ളുന്നതമ്മക്കുമാത്രമാ
മകനെ നീന്റെ ബാധയൊഴുപ്പിക്കുക


അമ്മയെ ഭയമില്ല ആരേയും ഭയമില്ലെന്ന്
നീ ഉറക്കെ പറയുമ്പോഴും ചിന്തയിലെരിയുന്ന
നിന്റെ മാംസനാരുകൾ
നിന്നെ വരിഞ്ഞു മുറുക്കുമ്പോൾ പറയുന്നതമ്മ
മാത്രം കേട്ടു ഭയമാകുന്നമ്മേ എന്നിൽ ഭയമാകുന്നു.



കൂട്ടരെവിടെ പടച്ചട്ടയിട്ട മുദ്രാവാക്യങ്ങളെവിടെ
ഹാ! സോദരാ നീ മറന്നു.
നിന്റെ വടിവാളുകളെക്കൂടികൊണ്ടു പോകാം നിന്റെ
അന്ത്യയാത്രയിൽ

വീണ്ടുമൊരു ഗാന്ധി ജനിക്കു-
മെന്ന മുദ്രാവാക്യമല്ലിത് ജനിച്ച
മുളപ്പെട്ടി നാളേയും പുനർജനിക്കും
കലിതുള്ളും ബാധ കോമരങ്ങളമ്മ

അഭിനന്ദ്.സി.കെ




# GOOD TIMES ?

## *ARE YOU WAITING FOR GOOD TIME ?*

*Then just get out of your laziness . Today is the best day. This moment is is the most wonderful time. Starts working now. Continue the same forever. Soon you will fly in the sky of success. Remember that opportunity seldom knocks at the door. Have ear to it, catch hold of it. If you utilize time in the right way you will succeed in life , so don't waste time. It is very precious. Always remember the ladder of success*

## *LADDER OF SUCCESS*

| | |
|---|---|
| 100 % = I Did | 50 % =I Think I should |
| 90 % = I Will | 40 % =I Wish I could |
| 80 % = I Can | 30 % =What is it? |
| 70 % = I Think i can | 20 % =I don't know |
| 60 % = I Will try | 10 % =I won't |

ARJUN C 9G

## ഉച്ചമരപ്പച്ച

വീണ്ടും തളിർക്കാൻ വെമ്പൽകൊള്ളുന്ന ഉണക്ക മരം മരം ഉണക്ക മരം പോലെയാണ് ആണ് ഓരോ ക്യാൻസർ രോഗിയെയും എന്ന് എന്ന് ഇന്ന് ഓർമ്മപ്പെടുത്തുന്ന എന്ന പുസ്തകമാണ് ഉച്ച മരപ്പച് കത്തിനിന്ന ഇന്ന് ജീവിത മധ്യാഹ്നത്തിൽ മധ്യാഹ്നത്തിൽ ഇതിൽ രോഗത്തിൻറെ പിടിയിലമർന്ന് പിടിയിലമർന്ന് കരിഞ്ഞുണങ്ങിയ അപ്പോൾ കോൾ പ്രതീക്ഷ നൽകിയത് അത് ഒരു വൃക്ഷത്തെ വൃക്ഷത്തെ അതിജീവനത്തി ൻറെ കാഴ്ച്ച യാണെന്ന് എന്ന ഗ്രന്ഥകർത്താവായ ഹായ് നവാസ് ആസ് ലോങ്ങ് കാട് കാട് ആട് സാക്ഷ്യപ്പെടുത്തുന്ന രോഗപീഡകൾ ഉടെ വിവരണം ഓണം എന്നതിലുപരി പ്രത്യാശയും സ്നേഹത്തിൻറെ പ്രതീകങ്ങളുടെ നിതാന്ത സാന്നിധ്യവുമാണ് ഈ പുസ്തകത്തെ അതെ ശ്രദ്ധേയമാക്കുന്നത് പച്ച മരങ്ങളെയും യും ഉണക്ക മരങ്ങളെയും യും പ്രഭാത സൂര്യനെയും യും ചന്ദ്രനേയും എല്ലാം നാം എല്ലാം നാം നിത്യവും കാണുന്നുണ്ട് ഉണ്ട് ആരോഗ്യത്തോടെ കഴിയുമ്പോൾ ഇപ്പോൾ ഇതിലൊന്നും പുതുമയില്ല പുതുമയില്ല ജീവിതത്തിൻറെ നാളുകൾ എണ്ണപ്പെട്ടു എന്ന് എന്ന ഘട്ടം വരുമ്പോൾ അപ്പോൾ ഓരോ കാഴ്ചയിലും നവ ഭംഗി അനുഭവപ്പെടുകയാണ് ആണ് എഴുത്തുകാരൻ അവൻ വർണിക്കുന്നു കീമോ എടുത്ത് വീട്ടിൽ വിശ്രമിക്കുന്ന ദിവസങ്ങളിലൊന്നിൽ ഒന്നാണ് ആണ് ഫയൽ പറമ്പിൽ പറമ്പിൽ അയനി മരത്തിൻറെ എൻറെ കൊമ്പുകൾ വെട്ടി ഇറക്കുന്നത് കണ്ടത് ഇറക്കുന്നത് കണ്ടത് ഇറക്കുന്നത്

**കണ്ടത് അത് അത് വൃക്ഷത്തിന് എല്ലാ ശിഖരങ്ങൾ നഷ്ടപ്പെട്ട ശിഖരങ്ങൾ നഷ്ടപ്പെട്ട നഷ്ടപ്പെട്ട ട to illikal ഇല്ലാതെ ആകാശം നോക്കി നിൽക്കുന്ന നിൽക്കുന്ന ന ഇന്ന് മരം മരം എഴുത്തുകാരനെ വല്ലാതെ വല്ലാതെ വേദനിപ്പിച്ചു ഇതുപോലെ ജീവിതത്തിൻറെ പച്ചിലകൾ പച്ചിലകൾ കൊഴിഞ്ഞുപോയ ആണല്ലോ ക്യാൻസർ രോഗികൾ സ്വന്തം അവസ്ഥ ഥ മരത്തിൽ  ദർശിക്കുക യാണ് ആണ് ലേഖകൻ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഓൾ കോൾ വിസ്മയകരമായ കാഴ്ച മരത്തിൽ പച്ചില നാമ്പുകൾ വീണ്ടും വീണ്ടും തലപൊക്കുന്നു ഇളംകാറ്റിൽ അവ തലയാട്ടുന്നു തലയാട്ടുന്നു എല്ലാം കാൻസർ രോഗികളും രോഗികളും അവളും ഇത്തരത്തിൽ വീണ്ടും പച്ചില ചാർത്തുള്ള വൻമരങ്ങൾ ആയി മാറണം .അത് സാധ്യമാകുമെന്ന തന്റെ പ്രതീക്ഷ എഴുത്തുകാരൻ പങ്കിടുന്നു. രോഗത്തെ കീഴടക്കിയ ശേഷം  ലോകത്തെ കാണുന്നത്. കുട്ടികളുടെ കൗതുകത്തോടെയാണ് മൂല കോശങ്ങൾ മാറിയതോടെ വീണ്ടും കുഞ്ഞായി പിച്ചവച്ചു പുതിയ മനുഷ്യനായി മാറിയെന്ന് ഷാനവാസ് എഴുതുന്നു.**

**മാളവിക.കെ.പി**

**9 G**

# വെന്തെരിയുന്ന ഹൃദയം

കിടപ്പുമുറിയിലെ ഘടികാരത്തിന്റെ നീണ്ട ശബ്ദം കേട്ടപ്പോഴാണ് ശോഭ അവളുടെ ഉറക്കത്തിൽ നിന്നും ഉണർന്നത്. ഉണർന്നെണീറ്റപ്പോൾ തന്നെ ചായച്ചെമ്പിൽ വെള്ളം വെച്ചു.പുറത്തെ ചാരു തിണ്ണയുടെ മുകളിൽ വെച്ചിരുന്ന ബ്രഷിന്റെ പെട്ടിയിൽ നിന്ന് ബ്രഷ് എടുത്ത് ശോഭ അണയാക്കാൻ തുടങ്ങി.മുഖം കവുകി,കാച്ചിയ വെളിച്ചെണ്ണയും തലയിൽ തേച്ച് കിളിക്കാൻ കുളിക്കടവിലേക്ക് പുറപ്പെട്ട ു.നനവാർന്ന ഇളം മണ്ണിൽ ശോഭയുടെ പൂങ്കാലുകൾ അടുത്തുചേർന്നു. തെളിഞ്ഞൊഴുകുന്ന അരുവികളും.അടിയിൽ ഉരുണ്ടതും പരന്നതുമായ കല്ലുകൾ.അവൾ ധൃതിയിൽ കുളിച്ച് കയറി വീട്ടിലേക്ക് നടന്നു. ചായയിൽ പൊടിയിട്ട് എല്ലാ ഭക്ഷണപദാർഥങ്ങളും തയ്യാറാക്കി.കുട്ടികളെ വിളിച്ചുണർത്തി. ഭർത്താവായ സുരേഷിന് ചായയും മനോനില തെറ്റിയ സുരേഷിന്റെ അമമ്മയ്ക്ക് കാപ്പിയും കൊടുത്തു.തന്റെ ചെറ്റക്കുടിലിന് ഇന്നൊരു പ്രത്യേക തിളക്കമുള്ളതായി അവൾക്ക് അനുഭവപ്പെട്ടു.അവൾ എന്നത്തേയും വീട്ടുജോലിക്കായി പുറപ്പെട്ടു.ബസ് വന്നു,കയറി.സൈഡ് സീറ്റിൽ ഇടം പിടിച്ചു. ഇന്ന് നല്ല തിരക്കാണ്.ബസ്സിൽ നിന്നും ഇറങ്ങി മുതലാളിയുടെ വീട്ടിലേക്ക് നടക്കാൻ തുടങ്ങി.അതാ വഴിയരികിൽ ഒരി വൃദ്ധ നിൽക്കുന്നു.ഒരു കൈ തീപ്പിടത്തത്തിൽ വെന്തുരുകിയതാണ്.അവർ ഒരു കെട്ട് ലോട്ടറിയിമായി യാചിക്കുന്നു.അവരുടെ നിഷ്കളങ്കമായ കണ്ണുകൾ ശോഭയെ അവരിൽനിന്നും നോക്കാതെ അനുവദിച്ചു.വഴിയാത്രക്കാരോട് കെഞ്ചുകയാണവർ ജീവിത

നിലനിൽപ്പിനായി.ആ വൃദ്ധ ശോഭയോട് കെഞ്ചിപ്പറഞ്ഞു.'പൊന്നുമോളേ ഒന്നു എടുത്തേച്ച് പോ'.ശോഭ തന്റെ  ബാഗിൽ നിന്ന് ചില്ലറത്തുട്ടുകൾ പെറുക്കിയെടുത്തു.'ദാ,എന്റെ കൈയ്യിൽ ഇത്രയേ ഉള്ളൂ'.'ഓ,വല്യ ഉപകാരം.ദാ പിടിച്ചോ ഒരു കാരുണ്യ'.ശോഭ: 'ഓ എനിക്കതൊന്നും വേണ്ട'.വൃദ്ധ: അങ്ങനെ പറയരുത്,എന്റെ ജോലിക്ക് എനിക്ക് കൂലി കിട്ടി,പക്ഷെ എന്റെ ജോലി പൂർത്തിയായില്ലല്ലോ?മോളിതങ്ങു പിടിച്ചേ: ശോഭ ലോട്ടറി വാങ്ങി ബാഗിലിട്ടു. നേരെ മുതലാളിയുടെ വീട്ടിലേക്ക് പോയി.ജോലിയെല്ലാം വേഗം തീർത്തു.ഇന്നു മുതലാളി ശോഭയുടെ അടുത്തേക്ക് വന്നു. സാധാരണ മുതലാളിയെത്തേടി ശോഭയാണ് അങ്ങോട്ട് പോകാറുള്ളത്.മുതലാളി തരാറുള്ള രൂപയെക്കാൾ കൂടുതൽ പണം തന്നു.എന്നിട്ട് പറഞ്ഞു:'ഇതു വച്ചോ',ആയിരംരൂപയുണ്ട്.നീ ഒരാളു വേണ്ടേ ആ കുടുംബം പുലർത്താൻ.'കുട്ടികളുടെ പഠിപ്പൊക്കെ എങ്ങനെ പോകുന്നു?'ശോഭ വിനയപൂർവ്വം മറുപടു നൽകി: ഇപ്പം കൊയപ്പമില്ല.അവൾ ജോലുയൊക്കെ തീർത്ത് വീട്ടിലേക്ക് പുറപ്പെട്ടു.വീട്ടിലെത്തിയപ്പോൾ മനോനില തെറ്റിയ അമ്മ മണ്ണെണ്ണ കുപ്പി എടുത്ത് കളിക്കുന്നു.'അമ്മേ അതവിടെ വച്ചേ'.ശോഭ ആ കുപ്പി കൊണ്ട് അടുക്കളയിൽ കൊണ്ടു വച്ചു.ബാഗ് ഊരി മുറിയിൽ വെച്ച് കുളിക്കാൻ പോയി.കുളി കഴിഞ്ഞ് മറ്റ് ജോലികളിൽ ഏർപ്പെട്ട് എന്നത്തേയും പോലെ അവളുടെ നിത്യജീവിതം സമയത്തിനൊപ്പം യാന്ത്രികമായി മുന്നോട്ട് ചലിച്ചു കൊണ്ടേയിരുന്നു.

അർഷ.പി
9.G